LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. ബാക്കിയുള്ള 6000 മീറ്റർ നീളം വികസനത്തിന് പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത കനാൽ മാലിന്യമുക്തമാക്കുന്നതിനായി കനാലിൽ അടിഞ്ഞുകൂടിയ പായലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളും അവയുടെ തീരസംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികളുമാണ് പ്രധാനമായും ചെയ്തുവരുന്നത്. അതുമൂലം ഒരു പരിധിവരെ കനാൽ മാലിന്യമുക്തമാക്കാൻ കഴിയുന്നു. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം തുറന്നുവിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു. 18 കിലോ മീറ്റർ നീളത്തിൽ കനോലി കനാലിന്റെ ശുചീകരണത്തിനായി ഏകദേശം 3 കോടി രൂപ ചെലവുവരും. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മെമ്പർ ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(18) കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യൽ

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര അസംബ്ലി നിയോജക മണ്ഡലത്തിലെ രണ്ട് പ്രധാന കുടിവെള്ള പദ്ധതികളാണ് നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയും, ഭരണിക്കാവ് തെക്കേക്കര കുറത്തിക്കാട് കുടിവെള്ള പദ്ധതിയും. ഈ രണ്ട് കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം ആരംഭിച്ചിട്ട് ഒന്നര പതിറ്റാണ്ട് കഴിഞ്ഞു. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലമാണ് മാവേലിക്കര മണ്ഡലം. ഡിസംബർ മാസം പകുതി മുതൽ ജൂൺമാസം പകുതി വരെയുള്ള ആറ് മാസക്കാലം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കുടിവെള്ളം ടാങ്കറിൽ കൊണ്ടുവന്ന് വിതരണം ചെയ്യുകയാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ കടുത്ത അലംഭാവമുണ്ട്. കുറത്തിക്കാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് റെയിൽവേയുടെ സഹായം ആവശ്യമുണ്ട്. അതിന് അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. നൂറനാട് കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ടുകൂടി അനുവദിച്ചു കൊണ്ട് എത്രയും പെട്ടെന്ന് ഈ രണ്ട് കുടിവെള്ള പദ്ധതികളും കമ്മീഷൻ ചെയ്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ആറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയുടെ പണി ഏതാണ്ട് 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. എന്നാൽ എടപ്പോണിൽ കിണറിന് മുകളിലുള്ള പമ്പ് ഹൗസ് പുനർ നിർമ്മിക്കേണ്ടതുണ്ട്. ആയതിന്റെയും പാനൽ ബോർഡ് സ്ഥാപിക്കാനുള്ള കെട്ടിടത്തിന്റെയും എസ്റ്റിമേറ്റും തയ്യാറാക്കി പരിശോധിച്ചുവരികയാണ്. കൂടാതെ ജലശുദ്ധീകരണ ശാലയിൽനിന്നും പമ്പ് ചെയ്യുന്നതിന് 95 എച്ച്.പി. പമ്പുസെറ്റും (രണ്ടെണ്ണം) ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിന് നടപടി എടുത്തുവരികയാണ്. ഇതെല്ലാം പൂർത്തിയാകുന്ന മുറയ്ക്ക് ആറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും. കുറത്തിക്കാട് ശുദ്ധജല പദ്ധതിയുടെ പ്രവൃത്തികൾ 85 ശതമാനത്തോളം പൂർത്തീകരിച്ചു. 400 എം.എം. സി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മാവേലിക്കര കല്ലുമല റെയിൽവേ ക്രോസിംഗ്, പ്രായിക്കര പാലം ക്രോസിംഗ്, മാവേലിക്കര മുനിസിപ്പൽ റോഡിലുള്ള പൈപ്പ് സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കാനുണ്ട്. കല്ലുമല റെയിൽവേ ട്രാക്ക് ക്രോസിംഗിനായി 20 ലക്ഷം രൂപ അടയ്ക്കുകയും അനുമതി കിട്ടുകയും ചെയ്തിരുന്നു. എന്നാൽ ഈ സ്ഥലത്ത് റെയിൽവേ സബ് വേ നിർമ്മിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നതിനാൽ കിട്ടിയ അനുമതി മരവിപ്പിച്ചിരിക്കുകയാണ്. പ്രായിക്കര പാലത്തിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി കെ.എസ്.ടി.പി.-യിൽ നിന്നും ലഭിച്ചിട്ടില്ല. മുനിസിപ്പൽ റോഡിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചെങ്കിലും മഞ്ചാടി കോളനി നിവാസികളുടെയും തദ്ദേശ നിവാസികളുടെയും എതിർപ്പുമൂലം പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ തടസ്സം മാറിയിട്ടുണ്ട്. പണി ഉടനെ ആരംഭിക്കുന്നതാണ്. ശുദ്ധീകരണശാലയുടെ അറ്റകുറ്റപ്പണികളും സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും ത്വരിതപ്പെടുത്തുന്നതാണ്. എത്രയും പെട്ടെന്ന് രണ്ട് ശുദ്ധജല പദ്ധതികളും കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(19) ദിവസവേതന ഡ്രൈവർമാരുടെ ഹിരിച്ചുവിടൽ

ശ്രീ. സി. മോയിൻകുട്ടി: സർ, വളരെയേറെ സഹാനുഭൂതി, മാനുഷിക പരിഗണന അർഹിക്കുന്ന ഗൗരവതരമായ ഒരു വിഷയമാണ് മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്താനുള്ളത്. കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ 1991 മുതൽ 10-25 കൊല്ലങ്ങളായി ഡ്രൈവർമാരായി ജോലി ചെയ്യുന്ന ആളുകളുണ്ട്. പി.എസ്.സി.